**നന്ദിഗ്രാമിലെ മാർക്സിസ്റ്റ് അതിക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് പശ്ചിമബംഗാൾ ഗവർണർ ഗോപാലകൃഷ്ണഗാന്ധി നവംബർ 10-ാം തിയ്യതി എഴുതിയ പ്രസ്താവന.**

# മതി! ഇനിയെങ്കിലും മതിയാക്കൂ?

ഗോപാലകൃഷ്ണ ഗാന്ധി
വിവർത്തനം : ജിയോ ജോസ്

നന്ദിഗ്രാമിലെ സംഭവവികാസങ്ങൾ മൂലം പശ്ചിമബംഗാളിൽ ദീപാവലിയുടെ പൊലിമ മങ്ങിപ്പോയിരിക്കുന്നു. നന്ദിഗ്രാമിലെ അനേകം ഗ്രാമങ്ങൾ അധാധമായ വ്യഥയിൽനിന്ന് ഉത്കടമായ ഭയത്തിലേക്ക് നിപതിച്ചുകൊണ്ടിരിക്കുന്നു.

പുറംജില്ലകളിൽനിന്ന് ആയുധധാരികളായ അനേകമാളുകൾ നന്ദിഗ്രാമിലെ ബ്ലോക്ക് ഒന്നിലും ബ്ലോക്ക് രണ്ടിലും ബലപ്രയോഗത്തിലൂടെ കൈയേറ്റം നടത്തിയിരിക്കുന്നുവെന്നത് നിഷേധിക്കാൻ പറ്റാത്ത വസ്തുതയാണ്. ദൗദ്പൂർ, അംഗച്ചി, ജംബാനി, സിമുൽകുണ്ട്, ബ്രിന്ദാബൻചക്ക്, ടെക്കാലി, നൈനാൻ, കാനോൻ ഗോചക്, കമാൽപൂർ, കെയ്യാഖാലി തുടങ്ങിയ ഗ്രാമങ്ങളിലെ ആയിരക്കണക്കിന് ആളുകൾ ഭയചകിതമായി തങ്ങളുടെ ഗ്രാമം വിട്ട്, വീടും വസ്തുവകകളും ഉപേക്ഷിച്ച് പുറത്തുപോകേണ്ടിവന്നിരിക്കുകയാണ്.

അനേകം വീടുകൾ അഗ്നിക്കിരയാക്കിയതായി വിശ്വസനീയമായ കേന്ദ്രങ്ങളിൽ നിന്ന് ഇന്നെനിക്ക് (നവം. 7) ഫോൺ സന്ദേശം ലഭിക്കുകയുണ്ടായി. ഭക്ഷണമോ വസ്ത്രമോ മറ്റ് സുരക്ഷിതത്വമോ ഇല്ലാതെ നന്ദിഗ്രാമിലെ ഒരു ഹൈസ്കൂളിൽ ആയിരക്കണക്കിന് ഗ്രാമീണർ അഭയം പ്രാപിച്ചിരിക്കുകയാണ്.

ഇതെഴുതുന്ന സമയത്ത്, നന്ദിഗ്രാമിലെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഏറ്റവും അനുയോജ്യമായ



മേധാപട്ക്കർ നന്ദിഗ്രാം സന്ദർശിച്ചപ്പോൾ

വാക്യം നമ്മുടെ ചീഫ് സെക്രട്ടറി പറഞ്ഞതാണ്. നന്ദിഗ്രാം ഒരു 'യുദ്ധമേഖല'യായി മാറിയിരിക്കുന്നു. സത്വരവും കാര്യക്ഷമവുമായ നടപടിയെടുക്കാതെ ഒരു സമൂഹത്തിനും ഒരു സർക്കാരിനും ഒരു 'യുദ്ധമേഖല' നിലനിർത്താൻ അവകാശമില്ല.


ഈ വർഷമാദ്യം നന്ദിഗ്രാമിലെ സർക്കാരിനോട് കൂറുള്ള പല ഗ്രാമീണരും ഗ്രാമം വിട്ടുപോകേണ്ടിവരുകയും അവർ ഖജ്ജുറിയിൽ അഭയാർത്ഥി ക്യാമ്പിൽ കഴിയേണ്ടിവരുകയും ചെയ്തിട്ടുള്ള കാര്യത്തെക്കുറിച്ച് ഞാൻ തീർത്തും ബോധവാനാണ്. ചില മാവോ വാദികൾ ഈ പ്രദേശത്ത് കടന്നതായിട്ടുള്ള സൂചനകളെക്കുറിച്ചും (കൃത്യമായ വിവരം ലഭ്യമല്ല) ഞാൻ ബോധവാനാണ്.

ഖജ്ജുറിയിൽ അഭയം പ്രാപിച്ചവർക്ക് പൂർണ്ണമായ ആത്മവിശ്വാസത്തോടെയും അന്തസ്സോടെയും തിരിച്ചുവരാൻ സാധിക്കണം. മാവോയിസ്റ്റുകളെപോലെ അക്രമണത്തിന്റെ പാതയിലേക്ക് ഒരു വിഭാഗവും തുനിഞ്ഞിറങ്ങരുത്.

അതുപോലെ തന്നെ നന്ദിഗ്രാമിലെ വില്ലേജുകൾ തിരിച്ചു പിടിക്കുന്നതിനായി ഇപ്പോൾ അനുവർത്തിച്ച രീതി തീർത്തും നിയമവിരുദ്ധവും അംഗീകരിക്കാൻ പറ്റാത്തതുമാണ്.

ഒരു വശത്ത് ആയുധധാരികളായ ആളുകൾക്ക് നിർബാധം നന്ദിഗ്രാമിൽ പ്രവേശിക്കാൻ കഴിയു

മ്പോൾ മറുവശത്ത് രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരെ ബലം പ്രയോഗിച്ച് തടയുക എന്നത് തുല്യ അളവിൽ അപലപനീയമാണ്. അവരിൽ ചിലരാകട്ടെ വീടും കുടിയും നഷ്ടപ്പെട്ടവർക്ക് ദുരിതാശ്വാസ വസ്തുക്കളുമായാണ് പോയത്. മേധാപട്ക്കർക്കും അവരുടെ സഹപ്രവർത്തകർക്കും ഇന്നലെ വൈകീട്ട് സംഭവിച്ചത് പക്വമായ രാഷ്ട്രീയ മര്യാദയുടെ എല്ലാ സീമകളും ലംഘിക്കുന്നതായിരുന്നു.




കുറച്ച് പാർലമെന്റംഗങ്ങളും ഒരു സി.പി.ഐ.(എം) എം.എൽ.എ.യും ഇന്ന് രാവിലെ എന്നെ വന്ന് കാണുകയും നന്ദിഗ്രാമിൽ സമാധാനം കൊണ്ടുവരുന്നതിന് എന്നാലാവതു ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. നന്ദിഗ്രാമിൽ ഇപ്പോൾ സമാധാനം പുന:സ്ഥാപിക്കേണ്ട സമയമാണിത്. അങ്ങനെ സമാധാനം കൊണ്ടുവരണമെങ്കിൽ മാർച്ച് – 14ലെ സംഭവങ്ങൾക്ക് ഉത്തരവാദികളായവർക്കെതിരെ ഫലപ്രദമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ടെന്ന് ഞാനവരോട് പറഞ്ഞു.

മമത ബാനർജി, പാർത്ഥോ ചാറ്റർജി, പ്രതിപക്ഷനേതാവ് പ്രദീപ് ഭട്ടാചാര്യ, ബംഗാൾ കോൺഗ്രസ് പ്രസിഡന്റ് മനാസ് ബുയാൻ തുടങ്ങിയവരുമായുള്ള ചർച്ച എന്താണെന്ന് അറിയാൻ പ്രബുദ്ധമായ ബംഗാളി ജനതയ്ക്ക് അവകാശമുണ്ട്. മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യയുമായി ഞാൻ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിയ്ക്കുന്നു. ചില സുപ്രധാന നടപടികൾ കൊകൊള്ളണമെന്ന് ഞാനദ്ദേഹത്തോട് അഭ്യർത്ഥിയ്ക്കുന്നു. അതായത് (1) അതിക്രമിച്ച് കയറിയവർ ഉടനടി മടങ്ങിപോകണം. (2) ഇപ്പോൾ നന്ദിഗ്രാമിൽനിന്ന് കൂടിയൊഴിയേണ്ടി വന്ന ജനതയ്ക്ക് അടിയന്തിര സഹായമെത്തിക്കണം. (3) അവർക്ക് തങ്ങളുടെ വീടുകളിലേക്ക് തിരികെ പോകുന്നതിന് സാഹചര്യമുണ്ടാകണം.

ഗ്രാമത്തിലേക്കുള്ള പ്രവേശന കവാടങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള തടസ്സങ്ങൾ മാറ്റണമെന്നു ഞാനാവശ്യപ്പെട്ടിട്ടുണ്ട്. ഇത് ചെയ്താലേ നന്ദിഗ്രാമിന് സ്റ്റേറ്റിലെ മറ്റ് ഭാഗങ്ങളുമായുള്ള ഒറ്റപെടൽ ഇല്ലാതാവുകയുള്ളു. ഒരു കാര്യം ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. മേൽ സൂചിപ്പിച്ച നടപടികൾ ഉടനടി എടുക്കുകയും 'കൈയ്യേറ്റം വീണ്ടും കൈയ്യേറ്റം' എന്ന മാരകാസുഖം അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ ചീഫ് ഇന്നലെ പ്രഖ്യാപിച്ചിരിക്കുന്ന പാക്കേജുകളുൾപെടെയുള്ള സമാധാന ചർച്ചകൾ പരാജയപ്പെടും.

ഞാൻ അവസാനിപ്പിക്കട്ടെ. മതി ഇത്രയും മതി. ഒട്ടും കാലാവിളംബമില്ലാതെ സമാധാനവും സുരക്ഷിതത്വവും പുന:സ്ഥാപിക്കപ്പെടണം. കുടിയൊഴിപ്പിക്കപ്പെട്ടവരെ തിരിച്ചുകൊണ്ടുവരണം പുനരധിവസിപ്പിക്കപ്പെടണം.

## ചക്കംകണ്ടം സമരം തുടരുന്നു

ഗുരുവായൂരിലെ ചക്കംകണ്ടത്ത് മലം കലർന്ന ദ്രവമാലിന്യങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതിയുടെ നേതൃത്വത്തിൽ നടക്കുന്ന സമരപ്രവർത്തനങ്ങൾ തുടർന്നുവരുന്നു. ഗുരുവായൂർ നഗരത്തിലെ ഹോട്ടലുകളിൽ നിന്നും ലോഡ്ജുകളിൽനിന്നും മലമാലിന്യങ്ങൾ നേരിട്ട് ഓവുചാൽ വഴി ഗുരുവായൂരിനടുത്തുള്ള ചക്കംകണ്ടം കായൽ പ്രദേശത്തേക്ക് ഒഴുക്കിവിടുന്നത് തടയണമെന്നാവശ്യപ്പെട്ടാണ് സമരമാരംഭിച്ചത്. അധികൃതരുടെ ഭാഗത്തുനിന്നും നടപടികളുണ്ടാകാത്ത സ്ഥിതിക്ക് ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ പരിധിയിൽ താമസിക്കുന്ന സ്വതന്ത്ര ചിന്താഗതിക്കാരായ വ്യക്തികളുടെ കൂട്ടായ്മ രൂപീകരിച്ച് ഹോട്ടൽ/ലോഡ്ജ് ഉടമകൾക്ക് പ്രശ്നത്തിന്റെ ഗൗരവം ബോദ്ധ്യപ്പെടുത്താനുള്ള ശ്രമം നടന്നുവരുന്നു. കായലിൽ മാലിന്യങ്ങൾ കലർന്നതിന്റെ ഫലമായി തൊഴിൽ നഷ്ടമായ മത്സ്യബന്ധനത്തിലും ചകിരിതല്ലലിലും ഏർപ്പെട്ടിരുന്ന തൊഴിലാളികൾ ജനുവരി ആദ്യവാരം കായലിൽ വച്ച് തന്നെ പ്രതിഷേധമറിയിച്ചുകൊണ്ടുള്ള പരിപാടി നടക്കും. നൂറിൽപരം എസ്.എസ്.എൽ.സി. ഹയർസെക്കന്ററി വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പ്രതിഷേധയോഗവും ജനുവരിയിൽ നടക്കും.

*ബന്ധങ്ങൾക്ക് : എൻ.പി. മനോഹരൻ, ചെയർമാൻ, ചക്കംകണ്ടം അഴുക്കുചാൽ വിരുദ്ധ കർമ്മസമിതി. 9961121924*

## ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ

ഏലൂർ എടയാർ മേഖലയിലെ വ്യവസായശാലകൾ പെരിയാറിനെ മലിനീകരിക്കുന്നതിനെതിരെ പ്രതിഷേധിച്ചുകൊണ്ട് നടത്തുന്ന രാസസുരക്ഷ സംഗമത്തോടനുബന്ധിച്ച് ഡോക്യുമെന്ററി ഫിലിം ഫെസ്റ്റിവൽ നടത്തുന്നു. 2008 ജനുവരി 3, 4, 5 തിയതികളിൽ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ വച്ച് നടക്കുന്ന ഡോക്യുമെന്ററി ഫെസ്റ്റിവൽ ചലച്ചിത്ര സംവിധായകൻ കമൽ ഉദ്ഘാടനം ചെയ്യും. തുടർന്നുള്ള ദിവസങ്ങളിൽ വി.ഡി. സതീശൻ എം.എൽ.എ. മറ്റ് പരിസ്ഥിതി സാംസ്കാരിക പ്രവർത്തകർ ഫെസ്റ്റിവലിൽ അതിഥികളായെത്തും.

*ബന്ധങ്ങൾക്ക് : പുരുഷൻ ഏലൂർ 948666955*